പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5235 27.06.2019 ൽ മറുപടിയ്ക്ക്

വയനാട് ജില്ലയിലെ മാവേലി സ്റ്റോറുകൾ

ചോദ്യം
ശ്രീ.സി.കെ.ശശീന്ദ്രൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുക ളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | വയനാട് ജില്ലയിൽ വെങ്ങാപ്പള്ളി പഞ്ചായത്ത് ഒഴികെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വെങ്ങാപ്പള്ളി പഞ്ചായത്തിൽ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാണ്. മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ അത് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) | മാവേലി സ്റ്റോറുകളില്ലാത്ത 21 പഞ്ചായത്തുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കി നൽകുന്നമുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വയനാട് ജില്ലയിലെ മാവേലി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വ്യക്തമാക്കുമോ; | (സി) | വയനാട് ജില്ലയിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇല്ല. |
| (ഡി) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഡിപ്പോ | പഞ്ചായത്തുകൾ |
| --- | --- |
| കൽപ്പറ്റ | മേപ്പാടി, മൂപ്പൈനാട്, തരിയോട്, മുട്ടിൽ, കോട്ടത്തറ, കണിയാമ്പറ്റ, വൈത്തിരി, പൊഴുതന, പടിഞ്ഞാറത്തറ, കൽപ്പറ്റ |
| മാനന്തവാടി | പനമരം, വെള്ളമുണ്ട, ഇടവക, തൊണ്ടർനാട്, തവിഞ്ഞാൽ, തിരുനെല്ലി |
| സുൽത്താൻ ബത്തേരി | അമ്പലവയൽ, മീനങ്ങാടി, പൂതാടി, നൂൽപ്പുഴ, നെന്മേനി, പുൽപ്പള്ളി, മുള്ളൻകൊല്ലി |

സെക്ഷൻ ഓഫീസർ